ഇതിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) തസ്തിക ഒഴികെയുള്ളവ ജി.ഒ.(എംഎസ്.) 211/14/പൊ.വി.വ. തീയതി 15-7-2013 പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്.

(സി) കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തിക സൃഷ്ടിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു. 2011-12, 2012-13 വർഷങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം അനുസരിച്ച് മലയാളത്തിൽ അധിക തസ്തിക സൃഷ്ടിക്കാനുള്ളതായി കാണുന്നില്ല.

കൊയിലാണ്ടി മണ്ഡലത്തിലെ സ്കൂളുകൾക്ക് കണ്ടിജൻസി കുടിശ്ശിക നൽകാൻ നടപടി

67 (7034)* ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉച്ചഭക്ഷണ വിതരണ പരിപാടിയനുസരിച്ച് കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മേലടി, കൊയിലാണ്ടി ഉപജില്ലകളിൽപ്പെടുന്ന വിദ്യാലയങ്ങൾക്ക് എത്ര തുക കണ്ടിജൻസി ഇനത്തിൽ വിതരണ കുടിശ്ശിക ഉണ്ട് ; എത്ര മാസത്തെ തുക കുടിശ്ശിക ഉണ്ട് ; കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ സ്കൂളുകൾ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) കണ്ടിജൻസി ഇനത്തിൽ വലിയ തുക കുടിശ്ശിക വരുന്നതിനുള്ള കാരണം വിശദമാക്കാമോ ;

(സി) സ്കൂളുകൾക്ക് കുടിശ്ശിക തുക എന്ന് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ ; ഇതിനായി ഉടനെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മേലടി, കൊയിലാണ്ടി ഉപജില്ലകളിൽപ്പെടുന്ന വിദ്യാലയങ്ങൾക്ക് യഥാക്രമം 5,72,770 രൂപ 6,77,777 രൂപ കുടിശ്ശികയുണ്ട്. 31-3-2014 വരെയുള്ള കുടിശ്ശികയാണ്. ഉപജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ മുഖേന ശേഖരിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ 2014 ജനുവരി വരെയുള്ള മുഴുവൻ തുകയും കഴിഞ്ഞ വർഷംതന്നെ മുൻകൂറായി വിതരണം ചെയ്തിരുന്നു. 2014 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ കുടിശ്ശിക ഫണ്ടിന്റെ അപര്യാപ്തത കാരണം വിതരണം ചെയ്തില്ല.

(സി) സംസ്ഥാനത്തെ എല്ലാ സ്കൂളുകൾക്കും കുടിശ്ശികയടക്കം അടുത്ത നാല് മാസത്തേക്കുള്ള തുക 2014 ജൂണിൽത്തന്നെ വിതരണം ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly